## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 651** 09.02.2016-ൽ മറുപടിയ്ക്ക്

### പ്രാക്തന ഗോത്രവിഭാഗത്തിൽപ്പെട്ടവരുടെ ജീവിത നിലവാരം ഉയർത്തുന്നതിനുള്ള പ്രത്യേക പദ്ധതി

**ചോദ്യം**
ശ്രീ.ബി.ഡി.ദേവസ്സി

**മറുപടി**
ശ്രീമതി.പി.കെ.ജയലക്ഷ്മി
(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| എ) | പ്രാക്തന ഗോത്രവിഭാഗത്തിൽപ്പെട്ടവരുടെ ജീവിത നിലവാരം ഉയർത്തുന്നതിനുള്ള പ്രത്യേക പദ്ധതി പ്രകാരം ചാലക്കുടി മണ്ഡലത്തിൽപ്പെട്ട അതിരപ്പള്ളി പഞ്ചായത്തിലെ ഷോളയാർ, ആനക്കയം, പെരിങ്ങൽ, പെരുമ്പാറ, വാഴച്ചാൽ തുടങ്ങിയ ആദിവാസി കാടർ കോളനികളിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടപ്പാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | എ) | അതിരപ്പിള്ളി പഞ്ചായത്തിൽ കാടർ വിഭാഗത്തിൽപ്പെട്ട പി.വി.ടി.ജി കുടുംബങ്ങൾക്ക വേണ്ടി നടത്തുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു. |

| പദ്ധതി | ഗുണഭോക്താക്കളുടെ വിവരം |
|---|---|
| ഭവന നിർമ്മാണം | 104 എണ്ണം |
| വൈദ്യുതീകരണം | 2 കോളനികൾ (വാച്ചുമരം, മുക്കംപുഴ) |
| മണ്ണ്/ജല സംരക്ഷണ പ്രവർത്തനം | 3 കോളനികൾ (പെരുമ്പാറ, ഷോളയാർ, ആനക്കയം) |
| പ്രത്യേക പോഷകാഹാര വിതരണ പദ്ധതി | പ്രതിമാസം (360 കുടുംബങ്ങൾ) |
| മൊബൈൽ മെഡിക്കൽ യൂണിറ്റ് | 1 എണ്ണം (പ്രതിമാസം 2 തവണ) |

| | | | |
|---|---|---|---|
| ബി) | ഭവന നിർമ്മാണമടക്കമുള്ള പ്രസ്തുത പദ്ധതിയിലുൾപ്പെട്ട വികസന പ്രവർത്തനങ്ങൾ എന്ന് ആരംഭിച്ചു എന്നും, ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ; | ബി) | എല്ലാ പദ്ധതികളും 2012-13 വർഷത്തിലാണ് ആരംഭിച്ചത്. വൈദ്യുതീകരണം, മണ്ണ്/ജല സംരക്ഷണം എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. പ്രത്യേക പോഷകാഹാര വിതരണം/ മൊബൈൽ മെഡിക്കൽ യൂണിറ്റ് എന്നിവയുടെ പ്രവർത്തനം കുറ്റമറ്റ രീതിയിൽ നടപ്പിലാക്കിവരുന്നുണ്ട്. ഭവന നിർമ്മാണ പദ്ധതിയിൽ 94 എണ്ണം പൂർത്തീകരിച്ചു. ശേഷിച്ച 10 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളായി പുരോഗമിച്ചു വരുന്നു. |
| സി) | പദ്ധതി നിർവ്വഹണത്തിലുണ്ടായ കാലതാമസവും, കെടുകാര്യസ്ഥതയും പരിശോധിച്ച് ആവശ്യമായ നടപടികൾ കൈക്കൊള്ളുമോ? | സി) | പദ്ധതി നിർവ്വഹണത്തിൽ കാലതാമസവും കെടുകാര്യസ്ഥതയും ഉണ്ടായിട്ടില്ല. ജില്ലാ കളക്ടർ ചെയർമാനായ പി.വി.ടി.ജി മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ച് പദ്ധതി പ്രവർത്തനവും പുരോഗതിയും വിലയിരുത്തി വരുന്നുണ്ട്. |

(signature)

സെക്ഷൻ ഓഫീസർ